ഡിസ്ട്രിക്റ്റ് ഡെവലപ്മെന്റ് കൗൺസിലുകൾ

* 1718 [9] ശ്രീ. തോമസ് ജാൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1958-59-ൽ ഈ സംസ്ഥാനത്തുള്ള ഡിസ്ട്രിക്റ്റ് ഡെവലപ്മെന്റ് കൗൺസിലുകൾ മൊത്തം എത്ര തുക ചെലവാക്കി;

(ബി) ആലപ്പുഴ ഡിസ്ട്രിക്റ്റ് ഡെവലപ്മെന്റ് കൌൺസിൽ 1958-59-ൽ എത്ര തുക ചെലവാക്കി;

(സി) കുട്ടനാട് താലൂക്കിലേക്ക് 1958-59-ലേക്ക് എത്ര തുക ചെലവാക്കി?

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ) :

(എ) 1958-59-ൽ ഈ സംസ്ഥാനത്തു് ആകെ ചെലവായസംഖ്യ 1743.11 ലക്ഷം രൂപയാണു്.

(ബി) 1958 ഡിസംബർ അവസാനംവരെ 39,37,380രൂപ ഈ ജില്ലയിൽ ചെലവായിട്ടുണ്ടു്. 1958-59-ലേക്കു് ചെലവായ കണക്കുകളുടെ വിവരം ശേഖരിച്ചുവരികയാണു്.

(സി) 1958 ഡിസംബർ അവസാനംവരെ ഈ താലൂക്കിൽ 2,87,034 രൂപാ ചെലവായിട്ടുണ്ടു് 1958-59 ലേക്ക ചെലവായ കണക്കുകളുടെ വിവരം ശേഖരിച്ചുവരികയാണു്.

ശ്രീ. തോമസ് ജാൺ : തകഴി എന്ന പ്രദേശത്തെ സംബന്ധിച്ചിടത്തോളം ആലപ്പുഴ ഡിസ്ട്രിക്റ്റ് ഡെവലപ്മെന്റ് കൗൺസിൽ യാതൊരു കാര്യങ്ങളുംനടത്തീട്ടില്ല എന്നുള്ള ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ : അങ്ങനെ വരാൻ കാരണമില്ല. ഡെവലപ്മെന്റ് കൗൺസിലുകൾ ഈ ബ്ലോക്ക് അപ്പ് നടത്തുമ്പോൾ എല്ലാപ്രദേശങ്ങളുടെ കാര്യവും പരിഗണിച്ചാണു് തീരുമാനം എടുക്കുന്നതു്.

ശ്രീ. പൊന്നറ ജി. ശ്രീധർ : ഡിസ്ട്രിക്റ്റുകളിൽ നടത്തേണ്ട വർക്കിനു വേണ്ടി ചെലവാക്കിയ തുകയല്ല പറഞ്ഞതു്; 1958-59-ൽ ഡിസ്ട്രിക്റ്റ് ഡെവലപ്മെന്റ് കൗൺസിലുകൾ ചെലവാക്കിയ സംഖ്യയാണു് പറഞ്ഞതു്. ഒരു പക്ഷെ അവർക്കു വല്ല ടി. എ. യോ മറ്റോ കൊടുത്തിരിക്കും അല്ലാതെ യാതൊരു ചെലവുമില്ല.

ശ്രീ. സി. അച്യുതമേനോൻ : ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചോദിച്ചിട്ടുള്ള ചോദ്യത്തിന്റെ ഉദ്ദേശം മനസ്സിലാക്കാതെ പറഞ്ഞതാണു്.

ശ്രീ. തോമസ് ജാൺ : കുട്ടനാട്ടു നിയോജകമണ്ഡലത്തിൽ ഡെവലപ്മെന്റ് പ്രവർത്തനങ്ങൾക്കുവേണ്ടി ആലപ്പുഴ ഡിസ്ട്രിക്റ്റ് ഡെവലപ്മെന്റ് കൗൺസിൽ താല്പര്യം പ്രദർശിപ്പിക്കുന്നില്ല എന്നുള്ള കാര്യം ശരിയാണോ?

ശ്രീ. സി. അച്യുതമേനോൻ : അതു ശരിയല്ല. ഒന്നാമതു മെമ്പറന്മാരുടെ നിയോജകമണ്ഡലം നോക്കിയല്ല ബ്ലോക്ക് അപ്പ് ചെയ്യുന്നതു്. ഡെവലപ്മെന്റ് വർക്കുകൾ ഏതെല്ലാം മുൻഗണന കൊടുത്തു നടത്തണമെന്നുള്ള അടിസ്ഥാനത്തിലാണു് കൗൺസിൽ തീരുമാനമെടുക്കുന്നതു്.

ശ്രീ. തോമസ് ജാൺ : സാധാരണമായി കമ്മ്യൂണിസ്റ്റിന്റെ എം. എൽ. എ. മാർ പ്രതിനിധീകരിക്കുന്ന നിയോജകമണ്ഡലങ്ങളിലുള്ള ഡെവലപ്മെന്റ് പ്രവർത്തനങ്ങൾക്കാണു് മുൻഗണന കൊടുക്കുന്നതും അവരുടെ അഭിപ്രായമനുസരിച്ചാണു് അവിടത്തെ ഡെവലപ്മെന്റ് പ്രവർത്തനങ്ങൾ നടത്തുന്നതെന്നും അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. അച്യുതമേനോൻ : ഡിസ്ട്രിക്റ്റ് ഡെവലപ്പ്മെൻറ് കൗൺസിലിൽ എല്ലാം ഒരു വർഗ്ഗക്കാരാണെന്നു വിചാരിക്കുന്നില്ല.

ശ്രീ. ഇ. പി. ഗോപാലകൃഷ്ണമേനോൻ : ആകെ ഇതിലേക്കുള്ള അലോട്ട്മെൻറിൻറെ എത്ര ശതമാനം ചെലവാക്കാൻ കഴിഞ്ഞിട്ടുണ്ട്?

ശ്രീ. സി. അച്യുതമേനോൻ : 94 ശതമാനം.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ : അതു മുൻകാലങ്ങളെ അപേക്ഷിച്ചു കുറവാണോ കൂടുതലാണോ?

ശ്രീ. സി. അച്യുതമേനോൻ : കൂടുതലാണ്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ : കെ. പി. സി. സി. പ്രസിഡൻറ് കൊണ്ടുവന്നിട്ടുള്ള ആരോപണങ്ങളുടെ കൂട്ടത്തിൽ ഡെവലപ്പ്മെൻറ് പ്രവർത്തനങ്ങളും ഈ ഗവണ്മെൻറ് അവഗണിച്ചിരിക്കുകയാണെന്നു പറഞ്ഞിട്ടുള്ളതു ഈ ഗവണ്മെൻറിൻറെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ : അതും മറ്റാരോപണങ്ങളെപോലെതന്നെയാണ്.

ശ്രീ. പി. ടി. ചാക്കോ : പണം ചെലവായി എന്നുള്ളതുകൊണ്ടുമാത്രം ഡെവലപ്പ്മെൻറ് പ്രവർത്തനങ്ങൾ നടത്തി എന്നർത്ഥമുണ്ടോ; മറ്റുവിധത്തിൽ പണം ചെലവായാലും മതിയല്ലോ?

ശ്രീ. സി. അച്യുതമേനോൻ : ഈ പണം ഓരോ പ്രദേശത്തേയ്ക്കും പ്രത്യേകം പ്രത്യേകം നിക്കിവച്ചിട്ടുള്ളതാണ്. അതു് അവിടത്തെ ഡെവലപ്പ്മെൻറ് പ്രവർത്തനങ്ങൾക്കുവേണ്ടിത്തന്നെ ചെലവാക്കീട്ടുള്ളതുമാണ്.

ശ്രീ. ആർ. പ്രകാശം : പണം ചെലവാക്കാതെയാണ് ഡെവലപ്പ്മെൻറ് പ്രവർത്തനങ്ങൾ നടത്തേണ്ടതു് എന്നു പ്രതിപക്ഷനേതാവു പറഞ്ഞിട്ടുള്ളതിൽ നിന്നും അങ്ങു മനസ്സിലാക്കുമോ?

ശ്രീ. എം. നാരായണക്കുറുപ്പ് : എല്ലാ നിയോജകമണ്ഡലങ്ങളിലും എല്ലാ പരിശോധനകളും നൽകുന്നില്ല എന്നുള്ളതിനെ സംബന്ധിച്ചു് അതേപ്പറ്റി ഗവണ്മെൻറ് അന്വേഷണം നടത്തുകയോ അതല്ലെങ്കിൽ ജില്ലാ കളക്റുടെ റിപ്പോർട്ട് എങ്കിലും വരുത്താൻ ശ്രമിക്കുകയോ ചെയ്യുമോ?

ശ്രീ. സി. അച്യുതമേനോൻ : ആ അടിസ്ഥാനത്തിൽ അന്വേഷണം നടത്തുന്നതു ശരിയാണെന്നു വിചാരിക്കുന്നില്ല. അങ്ങനെ ഓരോ നിയോജകമണ്ഡലാടിസ്ഥാനത്തിൽ വിഭജിക്കാൻ തുടങ്ങുകയാണെങ്കിൽ അതു വളരെ അപ്രായോഗികമായ ഒരു സംഗതിയാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഈ സഭയിലെ പ്രതിപക്ഷ മെമ്പറന്മാർ ആരെങ്കിലും ഈ 25 മാസത്തിനകം ഏതെങ്കിലും സന്ദർഭത്തിൽ കമ്മ്യൂണിസ്റ്റ് എം. എൽ. എ. മാരുടെ നിയോജകമണ്ഡലങ്ങളിലെ വർക്കുകൾ മാത്രം നടത്തുന്നതായും മറ്റു സ്ഥലങ്ങളിൽ ചെയ്യിക്കാതെയും ഇരിക്കുന്നതായി ഗവണ്മെൻറിൻറെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ : അതു നോട്ടീസു കൂടാതെ പറയാൻ നിവൃത്തിയില്ല.

ശ്രീ. കെ. എം. ജാഫർ : ഗവണ്മെൻറ് പല തുറകളിലും അനാവശ്യമായി പണം ചെലവുചെയ്യുന്നു എന്നു കെ. പി. സി. സി. പ്രസിഡൻറ് പ്രസ്താവിച്ചിട്ടുള്ളതു ഗവണ്മെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ : അതും അടിസ്ഥാനരഹിതമായ ആരോപണമാണ്.

LIBRARY ARCHIVES Kerala Legislative Assembly